# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . *473 4/7/2012 ൽ മറുപടിക്ക്

## പോലീസുകാരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ഇന്റലിജൻസ് വിഭാഗം

ചോദ്യം

ശ്രീ. അൻവർ സാദത്ത്:

ശ്രീ.വി.പി. സജീന്ദ്രൻ:

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. പി.എ. മാധവൻ:

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) പോലീസുകാരുടെ പ്രവർത്തനം ശരിയായ രീതിയിലാണോ എന്ന് പരിശോധിക്കുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. പോലീസുകാരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ രഹസ്യ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പോലീസിൽ അച്ചടക്ക ലംഘനം നടത്തുന്നവർക്കെതിരെ വകുപ്പുതല നടപടികൾ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) ഇതിനുവേണ്ടി ഇന്റലിജൻസ് വിജിലൻസ് വിഭാഗം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബിയും, സിയും): പ്രത്യേക ഇന്റലിജൻസ് വിഭാഗം രൂപീകരിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ നിലവിലുള്ള ഇന്റലിജൻസ് വിഭാഗം പോലീസുദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ രഹസ്യമായി നിരീക്ഷിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ